Dr. E. S. R. Menon *(Director of Public Health and Panchayats).*—Certainly.

Vaidyan—Pallippuram Group Panchayat—Complaint against.

ശ്രീ. മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*—താഴെപറയുന്ന ചോദ്യങ്ങൾക്കു ഗവമ്മെണ്ട് ദയവു മറുപടി പറയാമോ:—

(എ) പള്ളിപ്പുറം ഗ്രൂപ്പ് പഞ്ചായത്തു വൈദ്യന്റെ മേൽ പ്രസ്തുത പഞ്ചായത്തിൽനിന്നും വല്ല ആക്ഷേപവും ഗവമ്മെണ്ടിലേക്കു ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ

(ബി) അതുകളെപറ്റി എന്തു നടപടിയാണ് നടത്തിയിട്ടുള്ളത്;

(സി) ആ ആക്ഷേപങ്ങളെപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരാണ്;

(ഡി) പ്രസ്തുത പഞ്ചായത്തുവൈദ്യനെപറ്റി പഞ്ചായത്തിൽ നിന്നും ഈ കൊല്ലത്തിൽ എഴുതിയിട്ടുള്ള കത്തുകളുടെയും പഞ്ചായത്തിൽ വൈദ്യന് കൊടുത്തിട്ടുള്ള മെമ്മോകളുടെയും സമാധാനങ്ങളുടെയും ഓരോ കോപ്പികളും ഓരോ കൌൺസിലരുടെയും മേശപ്പുറത്തു വെക്കാമോ?

ഡോക്ടർ ഇ. എസ്സ്. ആർ. മേനോൻ *(Director of Public Health and Panchayats).*—

(എ) ഉവ്വ്.

(ബി) അതുകളെപറ്റി വേണ്ട അന്വേഷണങ്ങളും നടത്തിവരുന്നുണ്ട്.

(സി) തെക്കെ ഡിവിഷ്യൻ പഞ്ചായത്തു ഇൻസ്പെക്ടർ.

(ഡി) പ്രസ്തുത സംഗതി ഡിപ്പാർട്ടുമെണ്ടു് അന്വേഷണത്തിലിരിക്കുന്നതിനാൽ അതിനെപറ്റിയുള്ള എഴുത്തുകുത്തുകളും ഇപ്പോൾ മേശപ്പുറത്തു വെക്കുന്നതു ഭംഗിയായിരിക്കുമെന്നു തോന്നുന്നില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North).*— ഇപ്പോൾ ആലോചനയിലിരിക്കുന്ന ഈ ആക്ഷേപത്തിനു മുമ്പു് ഈ വൈദ്യനെ ഈ പഞ്ചായത്തിൽനിന്നുതന്നെ ഉണ്ടായ കത്തനുസരിച്ചു് താക്കീതു് ചെയ്തതായിട്ടു് ഗവമ്മെൻറിനറിയാമോ?

ഡാക്ടർ ഇ. എസ്. ആർ. മേനോൻ *(Director of Public Health and Panchayats).*— താക്കീതു ചെയ്തിട്ടില്ല; ഈ വൈദ്യനെപറ്റി ഒ

LIBRARY ARCHIVES Kerala Legislative Assembly

ത്ത കംബ്ലെയിന്റ് ഉണ്ടായിരുന്നു, അത് ശരിക്കു ശമ്പളം കൊടുക്കാത്തതുകൊണ്ടാണു ഉണ്ടായിട്ടുള്ളത്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— ഈ പഞ്ചായത്തു വൈദ്യനെ താക്കീതു ചെയ്തതായി പഞ്ചായത്തിലേക്കു കത്തയച്ചതായിട്ടു വല്ലതും ഗവമ്മെൻറിനറിയാമോ?

ഡാക്ടർ ഇ. എസ്. ആർ. മേനോൻ *(Director of Public Health and Panchayats)*.— താക്കീതു ചെയ്തിട്ടില്ല. പഞ്ചായത്തു പ്രസിഡൻറ് പറഞ്ഞതുപോലെ കേൾക്കുന്നില്ല എന്ന് ഒരു കംബ്ലെയിൻറു ഉണ്ടായിരുന്നു. പക്ഷെ അതു വൈദ്യനും പ്രസിഡൻറും തമ്മിലുള്ള വഴക്കു കാരണം ഉണ്ടായതാണെന്നു അന്വേഷണത്തിൽ അറിവായി.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)* ഈ ആക്ഷേപം നടന്ന കാലത്തു പഞ്ചായത്തു വൈദ്യനെ അവിടെനിന്നും സ്ഥലം മാറ്റം ചെയ്യുവോ?

ഡാക്ടർ ഇ. എസ്. ആർ. മേനോൻ *(Director of Public Health and Panchayats)*.— അതിനു വേറെ ഒരു കാരണമുണ്ടായിരുന്നു. ആമ്പല്ലൂർ വൈദ്യനു പള്ളിപ്പുറത്തേക്കു മാറ്റം കിട്ടിയാൽ കൊള്ളാമെന്നു എന്നോടു അഭിപ്രായപ്പെട്ടുകയുണ്ടായി.

മിസ്റ്റർ പി. രാമൻമേനോൻ *(Mulakunnathukavu)*.— പഞ്ചായത്തു പ്രസിഡൻറിനും ആ വൈദ്യൻറെ ചികിത്സയില്ലേ?

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.—അതുപോലെ സ്ഥലംമാറ്റം കിട്ടിയാൽ കൊള്ളാമെന്ന് വേറെയും പഞ്ചായത്തു വൈദ്യന്മാർ ഗവമ്മെൻറിനോടപേക്ഷിച്ചിട്ടുണ്ടോ?

ഡാക്ടർ ഇ. എസ്. ആർ. മേനോൻ *(Director of Public Health and Panchayats)*.—ഉണ്ട്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— അവക്കാക്കെങ്കിലും കൊടുത്തിട്ടുണ്ടോ?

ഡാക്ടർ ഇ. എസ്. ആർ. മേനോൻ *(Director of Public Health and Panchayats)*.— കഴിയുന്നതും കൊടുത്തിട്ടുണ്ട്.

മസ്റ്റിർ കെ. അയ്യപ്പൻ *(Ezhuvas South)*.— ആമ്പല്ലൂർ വൈദ്യനു പള്ളിപ്പുറത്തേക്കു സ്ഥലംമാറ്റം കിട്ടണമെന്നോ പള്ളിപ്പുറം വൈദ്യനു ആമ്പല്ലൂക്കുതന്നെ സ്ഥലംമാറ്റം കിട്ടണമെന്നോ ഗവമ്മെൻറിനോടപേക്ഷിച്ചിട്ടുണ്ടോ?

ഡോക്ടർ ഇ. എസ്. ആർ. മേനോൻ *(Director of Public Health and Panchayats)*.— ആമ്പല്ലൂർ വൈദ്യനു പള്ളിപ്പുറത്തേക്കു കിട്ടിയാൽ കൊള്ളാമെന്ന് അപേക്ഷിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— കടവല്ലൂർ ഇരിക്കുന്ന പഞ്ചായത്തു വൈദ്യൻ പള്ളിപ്പുറത്തേക്കു മാറ്റംകിട്ടിയാൽ കൊള്ളാമെന്ന് അപേക്ഷിച്ചിട്ടുണ്ടോ?

ഡോക്ടർ ഇ. എസ്. ആർ. മേനോൻ (*Director of Public Health and Panchayats*).— എനിക്കു ഓർമ്മയില്ല. നോട്ടീസുവേണം.

Anakkulam—Kattur—repair of.

144. **Mr. K. M. Kunhi Moideen** (*Kattur*).—Will the Government be pleased to state:—

whether they would effect the repairs of Anakkulam in Kattur this year?

Dr. E. S. R. Menon (*Director of Public Health and Panchayats*).—No.

145. **Mr. K. M. Kunhi Moideen** (*Kattur*).—Will the Government be pleased to state.—

(a) whether they are aware that the Panchayat tank called "Anakkulam" in Kattur Village is in a dilapidated condition;

(b) whether they intend to effect necessary repairs of the tank so as to make it useful to the people of the locality?

Dr. E. S. R. Menon (*Director of Public Health and Panchayats*).—(a) It has been reported that this tank requires improvement.

(b) This question is engaging the attention of Government.

Loans granted by the Cochin Co-operative Land Mortgage Bank.

146. **Mr. P. C. Varkey** (*Ernakulam Town-North*)—Will the Government be pleased to state the total amount of the loans granted up to the end of October 1936 by the Cochin Co-operative Land Mortgage Bank to applicants in—

(a) Cochin-Kanayannur Taluk;
(b) Mukundapuram Taluk;
(c) Trichur Taluk;
(d) Talappalli Taluk;
(e) Chittur Taluk; and
(f) Cranganur Taluk?

LIBRARY ARCHIVES Kerala Legislative Assembly